# പതിനാലാം കേരള നിയമസഭ

## ...ാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *106 — 02-03--2017 -ൽ മറുപടിക്ക്

## കടിവെള്ളക്ഷാമവും കൃഷിനാശവും നേരിടുന്നതിന് നടപടി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. വി.കെ.സി. മമ്മത് കോയ**<br>**ശ്രീ. സി. കെ. ശശീന്ദ്രൻ**<br>**ശ്രീ. മുരളി പെരുനെല്ലി**<br>**ശ്രീ. എസ്. രാജേന്ദ്രൻ** | | **ശ്രീ. ഇ. ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | കടുത്ത വരൾച്ചയിൽ കടിവെള്ള ക്ഷാമവും കൃഷിനാശവും നേരിടാനായി ഏർപ്പെടുത്തിയിട്ടുള്ള സജ്ജീകരണങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | എ) | 31.10.2016-ലെ 42830/കെ.3/2016/ഡി.എം.ഡി. നമ്പർ പരിപത്രം പ്രകാരം വെള്ളം ഉപയോഗിക്കുന്നതിന് കുടിവെള്ളം, ഗാർഹിക ഉപയോഗം, വളർത്തു മൃഗങ്ങൾക്ക്, വന്യജീവികൾക്ക്, കൃഷിക്ക്, വ്യവസായത്തിന്, എന്ന രീതിയിൽ 2017 മെയ് മാസം വരെ മുൻഗണനാ ക്രമം പാലിക്കുവാൻ തീരുമാനിച്ചു. വരൾച്ചാ പ്രതിരോധ പ്രതികരണ പ്രവർത്തനങ്ങൾ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ *(31.10.2016-ലെ 42830/കെ.3/2016/ ഡി.എം.ഡി. നമ്പർ പരിപത്രം)* **അനുബന്ധം 'എ'** ആയി ചേർക്കുന്നു. സംസ്ഥാനത്തെ വരൾച്ചാ ബാധിതമായി പ്രഖ്യാപിച്ചതിന് ശേഷം കുടിവെള്ള വിതരണത്തിന് മാത്രമായി പാലക്കാട് ജില്ലയിൽ 3 കോടി രൂപയും, വയനാട് ജില്ലയിൽ 2.5 കോടി രൂപയും, മറ്റെല്ലാ ജില്ലകൾക്കും 2 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവുകൾ **അനുബന്ധം 'ബി'** ആയി ചേർക്കുന്നു. കൃഷിനാശം നേരിടുന്നതിനായി നടപ്പ് സാമ്പത്തിക വർഷത്തിൽ ആകെ എല്ലാ ജില്ലകൾക്കുമായി 17.03 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കുടിവെള്ള വിതരണത്തിനായി എല്ലാ ജില്ലകൾക്കുമായി നടപ്പ് സാമ്പത്തിക വർഷം ആകെ 56,99,11,749/- (അമ്പത്തിയാറ് കോടി തൊണ്ണൂറ്റി ഒമ്പത് ലക്ഷത്തി പതിനൊന്നായിരത്തി എഴുന്നൂറ്റി നാല്പത്തിയൊമ്പത് രൂപാ മാത്രം) രൂപ അനുവദിച്ചിട്ടുണ്ട്. കേരള ജല അതോറിറ്റി സ്രോതസ്സുകളിൽ തടയണ കെട്ടിയും നീർച്ചാലുകൾ നിർമ്മിച്ചും ജലലഭ്യത ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടാതെ ഇറിഗേഷൻ, വൈദ്യുതി വകുപ്പ് എന്നിവരുമായി സഹകരിച്ച് അവരുടെ ഉടമസ്ഥതയിലുള്ള അണക്കെട്ടുകളിലെ ജലം പരമാവധി കുടിവെള്ള |

| | | | |
|---|---|---|---|
| | | | ആവശ്യത്തിനായി വാട്ടർ അതോറിറ്റിയുടെ സ്രോതസ്സുകളിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റി അടിയ്ക്കടി ലീക്കുള്ള വിതരണ ലൈനുകൾ മാറ്റി പുതിയ പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിനും ജല ലഭ്യത ഉള്ള സ്ഥലങ്ങളിൽ പൈപ്പ് ലൈൻ ദീർഘിപ്പിച്ച് പൊതു ജനങ്ങൾക്ക് ജലലഭ്യത ഉറപ്പുവരുത്തുന്നതിനും നടപടി സ്വീകരിച്ചു വരുന്നതോടൊപ്പം നിയമവിരുദ്ധമായി ജലം ചോർത്തുന്നതും അനധികൃത ഉപയോഗവും കണ്ടെത്തുന്നതിനും ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രവർത്തനം ഉപയോഗപ്പെടുത്തുകയും നിയമാനുസൃത നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്.<br><br>ജൂൺ 2016 മുതൽ ഡിസംബർ 2016 വരെ ലഭിക്കേണ്ടതിൽ 40% മഴക്കുറവാണ് ലഭിച്ചത്. അതിനാൽ ജലാശയങ്ങളിൽ ശരാശരി അളവിലും വളരെ താഴ്ന്ന അളവിൽ മാത്രമാണ് ജല ലഭ്യത ഉണ്ടായിരുന്നത്. കടിവെള്ളം ഉറപ്പുവരുത്തുന്നതിനാണ് മുൻഗണന നൽകേണ്ടത് എന്നതിനാൽ കൃഷി സംരക്ഷണം എന്നത് ഈ വരൾച്ചാ കാലഘട്ടത്തിൽ സമ്പൂർണമായി നടപ്പിലാക്കുവാൻ സാധിക്കില്ല. കടിവെള്ള ആവശ്യത്തിനായി ജലം പരമാവധി സംരക്ഷിക്കുവാനും സംഭരിക്കുവാനുമാണ് ഈ വരൾച്ചയിൽ ശ്രമിക്കുന്നത്. കൃഷി വകുപ്പ് വരൾച്ചയുടെ ആഘാതം ലഘൂകരിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ കർഷകർക്ക് നൽകിയിട്ടുള്ളതും ജലസേചനം സുഗമമാക്കുന്നതിനായി തോടുകളും ചാലുകളും ആഴം കൂട്ടുന്നതിനും മണ്ണും ചെളിയും നിറഞ്ഞവ വൃത്തിയാക്കുന്നതിനും കർഷകർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കടുത്ത വരൾച്ച മൂലമുള്ള പ്രതിസന്ധി പരിഹരിക്കുന്നതിനായി നെൽ കർഷകർ മൂപ്പ് കുറഞ്ഞ വിത്തിനങ്ങൾ ഉപയോഗിച്ച് കൃഷി ചെയ്യുവാനും എല്ലാ കർഷകരും വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗമാകാനും നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കുന്ന പ്രധാനമന്ത്രി ഫസൽ ബീമാ യോജനാ പദ്ധതി (PMFBY), കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതി, കേര വൃക്ഷ ഇൻഷുറൻസ് പദ്ധതി എന്നീ പദ്ധതികൾ വഴിയും കൃഷി വകുപ്പ് കർഷകർക്ക് ആനുകൂല്യം നൽകി വരുന്നു. |

| | | | |
|---|---|---|---|
| ബി) | വ്യാപകമായി കൃഷി നാശം ഉണ്ടാകുന്ന സാഹചര്യത്തിൽ കർഷകർക്ക് നഷ്ട പരിഹാരം നൽകാൻ നടപടിയു ണ്ടാകുമോ; | ബി) | സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും കേന്ദ്ര മാനദണ്ഡപ്രകാരം ദുരിതാശ്വാസം മാത്രമാണ് നൽകുവാൻ ആകുന്നത്. കാർഷിക ദുരിതാശ്വാസമായി വരൾച്ച പ്രഖ്യാപിച്ച ശേഷം 13 കോടി രൂപയും നടപ്പ സാമ്പത്തിക വർഷം ഇതുവരെ 17.03 കോടി രൂപയും വിവിധ ജില്ലകൾക്ക് അനുവദിച്ചിട്ടുണ്ട്. |
| സി) | കേന്ദ്രസർക്കാരിൽ നിന്നും വരൾച്ചാ ദുരിതാശ്വാസം നേടിയെടുത്ത് ജനങ്ങൾക്ക് ആശ്വാസം എത്തിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ യാണെന്ന് വിശദമാക്കാമോ? | സി) | സംസ്ഥാനത്തിന്റെ പ്രാപ്തിക്കതീതമായി വരൾച്ച സാഹചര്യം രൂക്ഷമായേക്കും എന്ന വിലയിരുത്തലിൽ കേന്ദ്ര ദുരന്ത പ്രതികരണ നിധിയിൽ നിന്ന് വരൾച്ചയ്ക്ക് അധിക സഹായം ആവശ്യപ്പെട്ടുകൊണ്ട് മെമ്മോറാണ്ടം നൽകുവാൻ 22-02-2017-ൽ ചേർന്ന മന്ത്രിസഭായോഗം തീരുമാനിച്ചു. 991 കോടി രൂപയാണ് അധിക സഹായമായി ആവശ്യ പ്പെടുന്നത്. ഏറ്റവും ഉചിതമായ സമയത്ത് കേന്ദ്ര സർക്കാരിന് സമർപ്പിക്കുന്നതിനായി മെമ്മോറാണ്ടം തയാറാക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാരിൽ മെമ്മോറാണ്ടം സമർപ്പിക്കുന്നതും കർഷകർക്ക് ദുരിതാശ്വാസം അനുവദിക്കുന്നതുമായി നേരിട്ട് ബന്ധം ഇല്ല. വരൾച്ച മൂലം കൃഷി നാശം അനുഭവിക്കുന്ന കർഷകർക്ക് കൃഷി നാശത്തിന് അനുവദിക്കാവുന്ന ദുരിതാശ്വാസം കേന്ദ്ര മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നൽകുവാൻ ആവശ്യമായ പണം നിലവിൽ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**ഡിസാസ്റ്റർ മാനേജ്മെന്റ് (റവന്യൂ - കെ) വകുപ്പ്**

**പരിപത്രം**

നമ്പർ.42830/കെ3/2016/ഡി.എം.ഡി. തീയതി, തിരുവനന്തപുരം, 31/10/2016

വിഷയം:- ദുരന്ത നിവാരണ വകുപ്പ് - വരൾച്ച 2016-17 – വരൾച്ചാ പ്രതിരോധ / പ്രതികരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 28.10.2016 തീയതിയിൽ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ യോഗത്തിന്റെ മിനിട്സ്

സംസ്ഥാനത്ത് വരൾച്ച നേരിടുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനും അടിയന്തിര വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് സംസ്ഥാന ദുരന്ത നിവാരണ നിധിയിൽ നിന്നും തുക ചെലവഴിക്കുന്നതിനും താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) ജല ഉപയോഗം കുറയ്ക്കുക, പുനരുപയോഗത്തിനു ഊന്നൽ നൽകുക. ജലം പാഴാക്കാതിരിക്കുക.
2) വെള്ളം ഉപയോഗിക്കുന്നതിന് ഈ മുൻഗണനാ ക്രമം പാലിക്കുക - കുടിവെള്ളം, ഗാർഹിക ഉപയോഗം, വളർത്തു മൃഗങ്ങൾക്ക്, വന്യജീവികൾക്ക്, കൃഷിക്ക്, വ്യവസായത്തിന്. ഈ ക്രമം 2017 മെയ് മാസം വരെ പാലിക്കുക.
3) പരമ്പരാഗത സ്ഥിര ജലസ്രോതസുകൾ ഇല്ലാത്ത ഗ്രാമങ്ങൾക്ക് വരൾച്ച പ്രതികരണ-പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് ഊന്നൽ നൽകുക.
4) ജില്ലാ കളക്ടർമാർ അടിയന്തിരമായി ജനപ്രതിനിധികളുടെയും, ഉദ്യോഗസ്ഥരുടെയും യോഗം ജില്ലയുടെ ചുമതലയുള്ള മന്ത്രിയുടെ സാന്നിധ്യത്തിൽ വിളിക്കേണ്ടതും കുടിവെള്ള ലഭ്യത ഉറപ്പാക്കുകയും ചെയ്യേണ്ടതുണ്ട്. ഡെപ്യൂട്ടി കളക്ടർമാർക്ക് വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി, ഓരോ താലൂക്കുകളുടെയും ചുമതല നൽകാവുന്നതാണ്.
5) ചില സ്ഥലങ്ങളിൽ നിയമവിരുദ്ധമായി ജലം ചോർത്തുന്നതായി കാണുന്നു. ഇത് തടയുന്നതിനായി ജില്ലാ കളക്ടറുടെ ചുമതലയിൽ പരിശോധനകൾ നടത്തേണ്ടതുണ്ട്. പൊതു ജനങ്ങളെ ഈ കാര്യത്തിൽ ബോധവൽക്കരിക്കേണ്ടതുമാണ്.
6) വരൾച്ചയെ കുറിച്ച് പൊതു ജനങ്ങളെ ബോധവൽക്കരിക്കേണ്ടതുണ്ട്. കൂടുതൽ ജല സംരക്ഷണ മാർഗങ്ങൾ അവലംബിക്കുന്നതിനായി പ്രോത്സാഹിപ്പിക്കേണ്ടതുമുണ്ട്. കുടിവെള്ളം ഒരു കാരണവശാലും വാഹനങ്ങൾ കഴുകുന്നതിനു ഉപയോഗിക്കരുത്. വെള്ളം പുനർ ഉപയോഗിക്കുന്നത് ഒരു സ്വഭാവം ആയി മാറ്റേണ്ടതുണ്ട്. ഉദാ: അടുക്കളയിൽ നിന്ന് പുറത്തു കളയുന്ന വെള്ളം ചെടികൾ നനയ്ക്കുന്നതിന് വിനിയോഗിക്കാം. ഇതിനാവശ്യമായ സന്ദേശങ്ങൾ ജല വിഭവ വകുപ്പ് പൊതുജന താല്പര്യാർത്ഥം നൽകേണ്ടതാണ്.
7) ദിനം പ്രതിയുള്ള മഴയുടെ അളവ്, ജല ലഭ്യത, താപനില എന്നിവ ജില്ലാ കളക്ടർ നിരീക്ഷിക്കേണ്ടതുണ്ട്.
8) സംസ്ഥാന ദുരന്ത ലഘൂകരണ ആസൂത്രണ രേഖയിൽ പ്രതിപാദിച്ചിട്ടുള്ള ശുദ്ധജല കിയോസ്കുകൾ (Water Kiosk) സംസ്ഥാനത്തെ എല്ലാ വാർഡുകളിലും (ഒരു വാർഡിൽ ഒന്ന് എന്ന തോതിൽ)

അതാത് തദ്ദേശ സ്ഥാപനങ്ങളോട് ആലോചിച്ചതിന് ശേഷം സ്ഥാപിക്കുക. ഇവയിലേക്ക് ജല അതോറിറ്റി സ്രോതസ്സുകളിൽ നിന്നും ജില്ലാ കളക്ടറുടെ മേൽനോട്ടത്തിൽ ജലം ആവശ്യാനുസരിച്ച് എത്തിക്കുക. ഒരു വാർഡിൽ ആവശ്യമില്ലെങ്കിൽ അതാത് തദ്ദേശ സ്വയംഭരണ പ്രദേശത്ത് മറ്റൊരു വാർഡിലേക്ക് മാറ്റേണ്ടതാണ്. ടാങ്കർ ലോറിയിലൂടെയുള്ള ജല വിതരണം പരമാവധി ഈ കിയോസ്കുകളിലേക്ക് പരിമിതപ്പെടുത്തണം. സംസ്ഥാന ദുരന്ത ലഘൂകരണ ആസൂത്രണ രേഖയിലെ സെക്ഷൻ 3.9.4 ൽ ഇത്തരം പ്രവർത്തനങ്ങളെ കുറിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. ഇതിനാവശ്യമായി വരുന്ന തുക ജില്ലാ നിർമ്മിതി കേന്ദ്രത്തെയോ, വാട്ടർ അതോറിറ്റിയെയോ, പൊതുമരാമത്ത് വകുപ്പിനെയോ ഉപയോഗിച്ച് കണക്കാക്കിയതിന് ശേഷം സർക്കാർ അനുമതിക്കായി സമർപ്പിക്കുക.

9) ഒരു പ്രദേശത്ത് ജല ലഭ്യത ഇല്ലാതാകുകയും, അത്തരം പ്രദേശത്ത് ജലലഭ്യമായ കിയോസ്കുകൾ ഇല്ലാത്ത സാഹചര്യത്തിലും അത്യാവശ്യങ്ങളിൽ മാത്രമേ ടാങ്കർ മുഖാന്തിരം ജല വിതരണം നടത്താൻ പാടുള്ളൂ. ജില്ലാ കളക്ടറുടെ ഉത്തരവിന് ശേഷമേ ടാങ്കർ ലോറിയുടെ സേവനം ലഭ്യമാക്കാവൂ. <u>മൊബൈൽ ആപ്ലിക്കേഷനിലൂടെ ട്രിപ്പ് ഷീറ്റ് കർശനമായി ഉപയോഗിക്കേണ്ടതാണ്</u>. ഈ ട്രിപ്പ് ഷീറ്റുകൾ തദ്ദേശ-സ്വയംഭരണ വകുപ്പ് ഉദ്യോഗസ്ഥർ, വില്ലേജ് ഓഫീസർ, വാർഡ് മെമ്പർ/വാർഡ് കൗൺസിലർ എന്നിവർ സാക്ഷ്യപ്പെടുത്തേണ്ടതാണ്. ജല വിതരണത്തിനായി ഉപയോഗിക്കുന്ന <u>ടാങ്കറുകളിൽ GPS ഘടിപ്പിച്ച്</u> ജില്ലാ അടിയന്തിര കാര്യനിർവ്വഹണ കേന്ദ്രം നിരീക്ഷിക്കുകയും, GPS-ൽ നിന്നുള്ള ട്രിപ്പ് ഷീറ്റ് അനുസരിച്ച് മാത്രം തുകയുള്ള പണം നൽകുകയും ചെയ്യേണ്ടതാണ്. ആലപ്പുഴ ജില്ലയിൽ ഇത് മാതൃകാ പരമായ രീതിയിൽ കഴിഞ്ഞ ഒരു വർഷമായി നടത്തിവരുന്നു. വരൾച്ച കുടിവെള്ള വിതരണം എന്ന ശീർഷകത്തിൽ അനുവദിക്കുന്ന പണത്തിൽ നിന്നും പ്രസ്തുത പ്രവർത്തികൾ നടപ്പാക്കേണ്ടതാണ്.

10) വരൾച്ച ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി അടിസ്ഥാന നിർമ്മാണ/മരാമത്ത് പണികൾ സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡങ്ങൾക്ക് വിധേയമായി, കുടിവെള്ളം ഉറപ്പുവരുത്തുവാൻ നടത്താവുന്നതാണ്. <u>ജില്ലാ കളക്ടർക്ക് ഒരു ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾക്കായി സർക്കാരിന്റെ മുൻകൂർ അനുമതി ഇല്ലാതെ നടത്താവുന്നതാണ്. എന്നാൽ ഈ പ്രവർത്തനങ്ങൾക്ക് ജില്ലക്ക് വരൾച്ച പ്രതിരോധത്തിന് പ്രത്യേക ഉത്തരവ് പ്രകാരം അനുവദിക്കുന്ന സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ 10%ൽ കൂടുതൽ ചിലവാക്കരുത്.</u> ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ 31-12-2016 ന മുമ്പ് കർശനമായും തീർക്കേണ്ടതുമാണ്.

11) കേരളസംസ്ഥാന ജലവിതരണ നിയമം 2003, Sec 36 A (2), 46 (ബി), 52 (എ), 61 (എ) എന്നിവ പാലിക്കേണ്ടതാണ്. ഇത് നടപ്പിലാക്കുന്നതിനായി റവന്യൂ, പോലീസ്, തദ്ദേശ സ്വയം ഭരണം, കേരള ജല അതോറിറ്റി എന്നീ വകുപ്പുകളിൽ നിന്ന് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു പരിശോധന ടീമിനെ നിയമിക്കാവുന്നതാണ്.

12) സ്ഥിരം ജലസ്രോതസ്സുകൾ മലിനമാകാതിരിക്കാൻ ആവശ്യമെങ്കിൽ കർശനമായ പോലീസ് കാവലും പ്രാദേശിക കൂട്ടായ്മകളിലൂടെയും പൊതുജനങ്ങളുടെയും മേൽനോട്ടവും ഉണ്ടാകേണ്ടതാണ്.

13) ജില്ലാ അടിയന്തിര കാര്യനിർവ്വഹണ കേന്ദ്രം വരൾച്ച ദുരിതാശ്വാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും നടപ്പാക്കുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച റിപ്പോർട്ട് എല്ലാ ആഴ്ചയും <u>seoc.gok@gmail.com</u>, <u>sdmacontrolroom@gmail.com</u> & revenuedmdk@gmail.com എന്നീ ഇ-മെയിൽ വിലാസങ്ങളിലേക്ക് അയക്കേണ്ടതുമാണ്.

14) സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡങ്ങൾക്കപ്പുറമുള്ള പദ്ധതികൾ അതാത് വകുപ്പുകൾ വഴി സർക്കാരിന് സമർപ്പിക്കേണ്ടതാണ്. ഇത് ദുരന്തനിവാരണ വകുപ്പിന് ഒരു കാരണവശാലും സമർപ്പിക്കേണ്ടതില്ല.

15) തൊഴിലുറപ്പ് (MGNREGS) പദ്ധതിയിലെ ഫണ്ടിൽ നിന്ന് ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കേണ്ടതാണ്. മലപ്പുറം ജില്ലയിൽ 2012-13 ലും വയനാട് ജില്ലയിൽ 2015-16 ലും നടപ്പിലാക്കിയ വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങൾ ഇതിനുദാഹരണമാണ്. സംസ്ഥാന

ദുരന്തലഘൂകരണ ആസൂത്രണ രേഖയിലെ സെക്ഷൻ 3.9-ൽ ഇത്തരം പ്രവർത്തനങ്ങളെ കുറിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്.

16) ജല വിതരണത്തിനായി ഉപയോഗിക്കുന്ന ജല സ്രോതസുകളിൽ 'ജല മലിനീകരണം ഇല്ല' എന്ന് ഉറപ്പുവരുത്തേണ്ടതും, ഉപയോഗയോഗ്യമാണെന്ന് കേരള ജല അതോറിറ്റിയോ ഭക്ഷ്യ സുരക്ഷാ വകുപ്പോ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

17) തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും, ജലനിധിയും 'ജല ദുരുപയോഗം ഇല്ലാതാക്കുക, പുനരുപയോഗത്തിന് ഊന്നൽ നൽകുക, ജലം പാഴാക്കാതിരിക്കുക, തുലാവർഷത്തിൽ ലഭ്യമാകുന്ന മഴ പൂർണമായും ഭൂമിയിൽ ആഴ്ന്നിറങ്ങുവാൻ വേണ്ടി എല്ലാ പുരയിടങ്ങളും കിളച്ച് ഇളക്കിയിടുവാനും കരിയില ഇട്ട് ബാഷ്പീകരണം തടയുവാനും വേണ്ടുന്ന നടപടി എടുക്കുക' എന്ന സന്ദേശങ്ങൾ ഉൾപ്പെടുത്തി വ്യാപകമായ പ്രചാരണം പ്രാദേശികമായി നടത്തുക. തദ്ദേശ സ്വയംഭരണ വകുപ്പ് ഇക്കാര്യത്തിൽ സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

18) വരൾച്ച പ്രതിരോധ പ്രവർത്തനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഊർജ്ജിതമായി നടത്തണം. വരൾച്ച പ്രതിരോധ പ്രവർത്തനങ്ങളായ ചെക്ക് ഡാമുകൾ നിർമ്മിക്കുന്നതിനും, കനാൽ വൃത്തിയാക്കുവാനും, കുളങ്ങൾ വൃത്തിയാക്കുന്നതിനും വേണ്ടുന്ന പ്രവർത്തനങ്ങൾ തൊഴിലുറപ്പ് (MGNREGS) പദ്ധതിയിലെ ഫണ്ടിൽ നിന്ന് നടത്തേണ്ടുന്നതാണ്. പുറമെ, പ്രാദേശികമായി സന്നദ്ധസംഘടനകളുടെയും (NSS, NCC, Scouts & Guides, Nehru Yuva Kendra etc), ക്ലബ്ബുകളുടെയും സന്നദ്ധ സേവനം ഇതിനായി വിനിയോഗിക്കുക. തദ്ദേശ സ്വയംഭരണ വകുപ്പ് ഇതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

19) സർക്കാർ സ്ഥാപനങ്ങളിലെയും കാര്യാലയങ്ങളിലെയും മഴവെള്ള സംഭരണികൾ അടിയന്തിരമായി ഒരു മാസത്തിനുള്ളിൽ അതാത് വകുപ്പുകൾ തന്നെ പണം ചിലവഴിച്ച് പ്രവർത്തനക്ഷമമാക്കേണ്ടതാണ്. ഇതിനാവശ്യമായ പണം അതാത് വകുപ്പുകൾ ഉടൻ ലഭ്യമാക്കേണ്ടതാണ്. എല്ലാ വകുപ്പുകളും ഇക്കാര്യത്തിൽ അടിയന്തിര ശ്രദ്ധ ചെലുത്തേണ്ടതാണ്.

20) ഭൂഗർഭ ജലവിനിയോഗം 75% കുറയ്ക്കുവാനുള്ള കർശന നിർദേശം ദുരന്ത നിവാരണ നിയമം (2005) സെക്ഷൻ 34 (ജെ) പ്രകാരം എല്ലാ ഭൂഗർഭ ജല വിനിയോഗ വ്യവസായങ്ങൾക്കും നല്കേണ്ടതും, ഇത് നടപ്പിലാക്കുന്നുണ്ടെന്ന് ഭൂജല വകുപ്പ് ഉറപ്പുവരുത്തേണ്ടുന്നതുമാണ്.

21) ഭൂഗർഭ ജലവിനിയോഗം കൃഷിക്കായി ഉപയോഗിക്കുന്നത് കുറയ്ക്കുവാൻ കൃഷി വകുപ്പ് കൃഷിക്കാരെ ബോധവൽക്കരിക്കേണ്ടതാണ്. കുടിവെള്ളത്തിന് ജല സേചനത്തെക്കാൾ മുൻഗണന നൽകേണ്ടതുണ്ട്.

22) കനാൽ മാർഗ്ഗമുള്ള ജലസേചനത്തിന് മുമ്പായി ജലസേചന വകുപ്പ്, ഭൂഗർഭ ജല വകുപ്പ്, കേരള ജല അതോറിറ്റിയുമായി ആലോചിച്ച് അവരുടെ സമ്മതത്തോടുകൂടി മാത്രമേ നടത്തുവാൻ പാടുള്ളൂ.

23) ജില്ലാ വിദ്യാഭ്യാസ ഓഫീസർ എല്ലാ സ്കൂളുകളിലും സ്പെഷ്യൽ അസംബ്ലി വിളിച്ചു കൂട്ടേണ്ടതും കുട്ടികളെ വരൾച്ചയെ കുറിച്ചും, സൂര്യാഘാതം, താപാഘാതം എന്നിവയെ കുറിച്ചും ബോധവൽക്കരിക്കേണ്ടതുണ്ട്. ഇതിനായി ഭൂമി ശാസ്ത്ര/പരിസ്ഥിതി ശാസ്ത്ര അധ്യാപകനെയോ/ അധ്യാപികയെയോ ചുമതലപ്പെടുത്താവുന്നതാണ്.

24) മൃഗ സംരക്ഷണ വകുപ്പും, ക്ഷീര വികസന വകുപ്പും വരൾച്ചാ പ്രദേശങ്ങളെ മനസ്സിലാക്കുകയും വളർത്തുമൃഗങ്ങൾക്ക് ആവശ്യമായ ജല വിതരണത്തിനുള്ള സജ്ജീകരണങ്ങൾ നടപ്പിലാക്കുകയും ചെയ്യുക.

25) വനം-വന്യജീവി വകുപ്പ്, വന്യ ജീവികൾക്ക് ആവശ്യമായ ജല ലഭ്യത ഉണ്ടെന്ന് ഉറപ്പാക്കേണ്ടതും മനുഷ്യ-മൃഗ സംഘർഷങ്ങൾ ഒഴിവാക്കേണ്ടതും ആണ്.

26) എല്ലാ ജില്ലയിലും ജില്ലാ കളക്ടർമാർ വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകേണ്ടതാണ്. ഓരോ ജില്ലയുടെയും വ്യത്യസ്തമായ സ്ഥിതി പരിഗണിച്ചു കൊണ്ടും സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടും ജില്ലക്ക് വരൾച്ച പ്രതിരോധത്തിന് പ്രത്യേക ഉത്തരവ് പ്രകാരം അനുവദിക്കുന്ന സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ

ജനങ്ങളിൽ നിന്നകറ്റുന്നതിന്, ഈ നിർദേശങ്ങൾക്ക് അനിവാര്യമായ ബോധവൽക്കരണം ജില്ലാ കളക്ടർമാർ ഉറപ്പുവരുത്തേണ്ടതാണ്.

ഈ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് അതാത് ജില്ലകൾക്ക് അനുയോജ്യമായ രീതിയിൽ വരൾച്ചാ ദുരിതലഘൂകരണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന കാര്യത്തിൽ ജില്ലാകളക്ടർമാർ മേൽനോട്ടം വഹിക്കേണ്ടതാണ്. ഈ പ്രവർത്തനങ്ങൾക്ക് സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും അനുവദനീയമായ പ്രവൃത്തികൾക്ക് ചട്ടപ്രകാരം പണം അനുവദിക്കാവുന്നതാണ്.

പി.എച്ച്. കുര്യൻ
പ്രിൻസിപ്പൽ സെക്രട്ടറി

To

എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.
ലാൻഡ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി ആന്റ് ഹെഡ് സയന്റിസ്റ്റ്, സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻസ് സെന്റർ, ഐ.എൽ.ഡി.എം., തിരുവനന്തപുരം.
എല്ലാ വകുപ്പ് മേധാവികൾക്കും.
എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും (ട്രഷറി ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്)/(എ & ഇ), കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

പകർപ്പ് :- മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
ഗവ.സെക്രട്ടേറിയേറ്റിലെ നിയമം, ധനകാര്യം, പൊതുഭരണം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും
വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി.) വകുപ്പ്
ദുരന്ത നിവാരണ വകുപ്പ് (റവന്യൂ - ഡി.എം.1, ഡി.എം.2, ഡി.എം.4) സീറ്റുകൾക്ക് (അറിവു നൽകുന്നതിനായി)

ഉത്തരവിൻപ്രകാരം
സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ

അനുബന്ധം - B

GOVERNMENT OF KERALA

Abstract

Disaster Management Department – Drought 2016-17 - Fund allotment under State Disaster Response Fund – Sanctioned – Orders issued.

## DISASTER MANAGEMENT (REVENUE-K) DEPARTMENT

**G.O(Rt)No.4743/2016/DMD Dated, Thiruvananthapuram, 11th November, 2016**

Read: 1. Minutes of the Kerala State Disaster Management Authority meeting held on 28.10.2016.
2. G.O(P)No.555/2016/DMD dated 31.10.2016.
3. Circular No.42830/K3/2016/DMD dated 31.10.2016.

## ORDER

In pursuant to the declaration of drought in all the 14 districts of Kerala, Government are pleased to accord sanction to release an amount of Rs.20 crores (Rupees Twenty Crores only) for Drought Mitigation activities to the District Collectors, as detailed below.

| Allotment (Rs. in crore) | | | |
|---|---|---|---|
| **District** | **2245-01-101-99- Drought - Supply of seeds, fertilisers, and agricultural implements** | **2245-01-102-99- Drought - Drinking water supply** | **Total allotment** |
| Thiruvananthapuram | 1.50 | 0.50 | **2.00** |
| Kollam | 1.00 | 0.50 | **1.50** |
| Pathanamthitta | 0.50 | 0.50 | **1.00** |
| Alappuzha | 0.75 | 0.50 | **1.25** |
| Kottayam | 0.75 | 0.50 | **1.25** |
| Idukki | 0.50 | 0.50 | **1.00** |
| Ernakulam | 1.00 | 0.50 | **1.50** |
| Thrissur | 1.50 | 0.50 | **2.00** |
| Palakkad | 1.25 | 0.50 | **1.75** |
| Malappuram | 1.50 | 0.50 | **2.00** |
| Kozhikkode | 0.75 | 0.50 | **1.25** |
| Wayanad | 0.75 | 0.50 | **1.25** |
| Kannur | 0.75 | 0.5 | **1.25** |
| Kasargode | 0.50 | 0.50 | **1.00** |
| **Total** | **13.00** | **7.00** | **20.00** |

(P.T.O)

3) Fund should be utilised only for the purpose for which it is alloted. The fund should be met from the provisions in the current year's budget. The Utilization Certificate should be furnished to Government.

(By Order of the Governor)
**Praveen S.**
Deputy Secretary to Government

To

All District Collectors
All District Treasury Officers
The Commissioner, Land Revenue, Thiruvananthapuram
The Member Secretary, Kerala State Disaster Management Authority, Revenue Complex, Public Office Building, Thiruvananthapuram
The Principal Accountant General (Audit) Kerala, Thiruvananthapuram
The Accountant General (A&E) Kerala, Thiruvananthapuram
Stock File/Office Copy

Copy to:-

PS to Minister (Revenue & Housing)
PS to Principal Secretary (Revenue & DM)
The Information Officer, Information & Public Realation (Web & New Media) Department

Forwarded/By order

Section Officer

**GOVERNMENT OF KERALA**

**Abstract**

Disaster Management Department - Drought 2017 - Fund allotment under State Disaster Response Fund - Sanctioned- Orders Issued

**DISASTER MANAGEMENT (REVENUE K) DEPARTMENT**

G.O.(Rt)No.**714**/2017/RD Dated,Thiruvananthapuram,20/02/2017

Read: G.O (P) No.555/2016/DMD dated 31.10.2016

**ORDER**

Government are pleased to release an amount of RS.22.5 crore under the Head of Account "2245-01-102-99-D- Drinking Water Supply" under SDRF to the District collectors as per the following schedule.

| District | Amount Sanctioned |
|---|---|
| Thiruvananthapuram | 1,50,00,000 |
| Kollam | 1,50,00,000 |
| Pathanamt hitta | 1,50,00,000 |
| Alappuzha | 1,50,00,000 |
| Kottayam | 1,50,00,000 |
| Idukki | 1,50,00,000 |
| Ernakulam | 1,50,00,000 |
| Thrissur | 1,50,00,000 |
| Palakkad | 2,50,00,000 |
| Malappuram | 1,50,00,000 |
| Kozhikkode | 1,50,00,000 |
| Wayanad | 2,00,00,000 |
| Kannur | 1,50,00,000 |

| | |
|---|---|
| Kasargode | 1,50,00,000 |
| Total | 22,50,00,000 |

Fund should be utilized only for the purpose for which it is allotted. The Amount should be utilized from the current year's budget and utilization certificate should be furnished to Government .

By order of the Governor
S.PRAVEEN
DEPUTY SECRETARY

To:- The Commissioner, Land Revenue
All District Collectors
The Principal Accountant General Audit)(A&G), Thiruvananthapuram
The Accountant General Branch Office, Kottayam, Ernakulam, Thissur, Kozhikkode
All District Treasury Officers
Stock File/ Office copy

Copy to :-
Ps to Minister (Revenue)
PS to Principal Secretary (Revenuue & DM)
Information Officer Web & New Media

Forwarded/By order

Section officer